കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്

നമ്പർ:11719/ഔ.ഭാ.3/09/ഉഭപവ.

27002 തിരുവനന്തപുരം,
തീയതി:9/9/2009.

<u>അനൗദ്യോഗികകുറിപ്പ്.</u>

വിഷയം: ഔദ്യോഗിക ഭാഷ വകുപ്പ് -സംസ്ഥാനതല ഭരണഭാഷാ പുരസ്കാര ങ്ങൾ സംബന്ധിച്ച്.

സൂചന: 1) 23/7/2003 ലെ സ.ഉ.(അച്ചടിച്ചത്)നം.29/2003/ഉഭപവ.
2) 20/11/2006 ലെ സ.ഉ(കൈയെഴുത്ത്)നം.17/2006/ഉഭപവ.

സൂചന പ്രകാരം ഔദ്യോഗികരംഗത്ത് മലയാളത്തിൽ ചെയ്ത ജോലിയുടെ അടിസ്ഥാനത്തിൽ കേരള സർക്കാരിന്റെ വിവിധ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ ഭരണ വകുപ്പുകളിലും **ക്ലാസ്-3** വിഭാഗത്തിൽപ്പെട്ട സർക്കാർ ജീവനക്കാർക്കായി സംസ്ഥാനതലത്തിൽ ഭരണഭാഷാ സേവനപുരസ്കാരവും, ഔദ്യോഗികഭാഷ സംബന്ധിച്ചുള്ള സ്വതന്ത്ര കൃതികൾ രചിക്കുന്ന സർക്കാർ ജീവനക്കാർക്കായി ഭരണഭാഷാ ഗ്രന്ഥരചനാ പുരസ്കാരവും ഏർപ്പെടുത്തി സർക്കാർ ഉത്തരവായിരുന്നു. ഈവർഷത്തെ പുരസ്കാരങ്ങൾക്കുള്ള അപേക്ഷകൾ (അപേക്ഷയുടെ മാതൃകയും നിബന്ധനകളും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു) **സെപ്റ്റംബർ 30നകം** ഈ വകുപ്പിന് ലഭ്യമാക്കേണ്ടതാണ്.

എം.എൻ.ശശികുമാർ
ഡെപ്യൂട്ടി സെക്രട്ടറി.

**എല്ലാ ഭരണവകുപ്പുകൾക്കും**

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.

# ഭരണ ഭാഷാ പുരസ്കാരങ്ങൾ

## I. ഭരണ ഭാഷാ സേവന പുരസ്കാരം(സംസ്ഥാനതലം)

നിബന്ധനകൾ

1) കേരള സർക്കാരിന്റെ വിവിധ വകുപ്പുകളിലും, സെക്രട്ടേറിയറ്റിലെ ഭരണ വകുപ്പുകളിലും ജോലി ചെയ്യുന്ന ക്ലാസ് -3 വിഭാഗത്തിൽപ്പെട്ട എല്ലാ സർക്കാർ ഉദ്യോഗസ്ഥരെയും പരിഗണിച്ച് സംസ്ഥാന തലത്തിൽ നൽകുന്ന പുരസ്കാരമാണിത്.

ഒന്നാം സമ്മാനം 10,000രൂപയും സത്സേവന രേഖയും.

രണ്ടാം സമ്മാനം 5,000രൂപയും സത്സേവന രേഖയും.

2) തൊട്ടു മുൻപിലത്തെ കലണ്ടർ വർഷം ഔദ്യോഗിക രംഗത്ത് ചെയ്ത ജോലികളാണ് പരിഗണിക്കുന്നത്.
3) കുറിപ്പെഴുത്ത്, കരടെഴുത്ത്,രജിസ്റ്റർ എഴുത്ത്, പട്ടികകൾ തയ്യാറാക്കൽ തുടങ്ങി മലയാളത്തിൽ ചെയ്യുന്ന എല്ലാ വിധ ജോലികളും ഇതിനായി കണക്കിലെടുക്കുന്നതാണ്.
4) അവാർഡ് നിശ്ചയിക്കുന്നതിനുള്ള 100 മാർക്കിൽ 70മാർക്ക് മലയാളത്തിൽ ചെയ്ത ജോലിയുടെ അളവിനും 30 മാർക്ക് ആശയാവിഷ്കാരത്തിലെ വ്യക്തതയ്ക്കുമാണ്. ആശയാവിഷ്കാരത്തിലെ വ്യക്തത പരിശോധിക്കുന്നതിനായി അപേക്ഷകരുമായി പുരസ്കാര നിർണ്ണയ സമിതി അഭിമുഖം നടത്തുന്നതാണ്.
5) മൽസരത്തിൽ പങ്കെടുക്കുന്ന ക്ലാസ്-3 വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർ നിശ്ചിത ഫാറത്തിലുള്ള അപേക്ഷ ഓഫീസ് തലവന്റെ പരിശോധനക്കുറിപ്പും; വകുപ്പു തലവന്റെയോ ജില്ലാ കളക്ടറുടേയോ ശിപാർശയും സഹിതമാണ് അയക്കേണ്ടത്.
6) ഒരു പുരസ്കാരം ലഭിച്ചയാളെ മൂന്നു വർഷത്തിനുശേഷം മാത്രമേ അതേ വിഭാഗത്തിൽ പരിഗണിക്കുകയുള്ളൂ.

## II. ഭരണ ഭാഷാ ഗ്രന്ഥരചനാ പുരസ്കാരം(സംസ്ഥാന തലം)

ഒന്നാം സമ്മാനം 10,000 രൂപയും സത്സേവന രേഖയും .

രണ്ടാം സമ്മാനം 5,000രൂപയും സത്സേവന രേഖയും

ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സഹായിക്കുന്ന രണ്ട് സ്വതന്ത്ര കൃതികൾക്ക് നൽകുന്നതാണ് ഈ പുരസ്കാരം.

# ഭരണഭാഷാ സേവന പുരസ്കാരം

## അപേക്ഷ

വർഷം.......................

1. പേര് :
2. ജനനത്തീയതി :
3. ഉദ്യോഗപ്പേര് :
4. ഓഫീസ്, വകുപ്പ് :
5. സ്ഥിരം മേൽവിലാസം :
6. ജോലിയിൽ പ്രവേശിച്ച തീയതി :
7. മലയാളത്തിൽ എഴുതിയ ഫയലുകൾ നമ്പരുകൾ സഹിതം :
8. മലയാളത്തിൽ എഴുതിയ രജിസ്റ്ററുകളുടെ വിവരം :
9. മലയാളത്തിൽ എഴുതിയ മറ്റ് രേഖകളുടെ വിവരം :
10. മലയാളത്തിൽ എഴുതിയ മൊത്തം വാക്കുകളുടെ എണ്ണം :
11. ഭരണഭാഷാ മാറ്റത്തിനുതകുന്ന പ്രവർത്തനങ്ങളുടെ വിവരം :
12. സ്വയം വിലയിരുത്തൽ :

സ്ഥലം : ഒപ്പ് :

തീയതി : പേര് :

---

## ഓഫീസ് തലവന്റെ പരിശോധനക്കുറിപ്പ്

സ്ഥലം : ഒപ്പ് :

തീയതി : പേര് :

(ഓഫീസ് സീൽ) ഉദ്യോഗപ്പേര് :

---

## വകുപ്പ് തലവന്റെ ശിപാർശ

സ്ഥലം : ഒപ്പ് :

തീയതി : പേര് :

(ഓഫീസ് സീൽ) ഉദ്യോഗപ്പേര് :